ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണമെന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

X അറിയിപ്പ്

സമയ നിയന്ത്രണം

മി. സ്പീക്കർ : ചർച്ച ആരംഭിക്കുന്നതിനുമുമ്പ് ഇന്നലെ കൂടിയ കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്ത ഒരു കാര്യം ചെയർ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നിയമസഭ ചേരുന്നതിനുള്ള സമയം രാവിലെ 8.30 മുതൽ 1.30 വരെയാണ്. 1.30 എന്നത് മൂന്ന് മണിവരെ ആകാവുന്നതാണ്. ഒന്നോ രണ്ടോ മണിക്കൂറിൽ കൂടുതൽ വൈകുന്നത് ശരിയല്ല. അതുകൊണ്ട് സമയം സ്വയം നിയന്ത്രിക്കണമെന്ന് ഒരിക്കൽകൂടി ചെയർ പറയുന്നു. എല്ലാവരുടെയും സഹകരണമുണ്ടായാൽ ചെയർ സ്വീകൃയ നടപടി സ്വീകരിക്കാം. 1.30-ന് പിരിയേണ്ട സഭ പരമാവധി 3.30 വരെയാകാം. എല്ലാവരും രാവിലെ വരുന്നതാണ്. അംഗങ്ങൾക്ക് ബുദ്ധിമുട്ട് തോന്നരുത്, സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയുന്ന മന്ത്രിയും രണ്ട് മിനിട്ടിനുള്ളിൽ അവസാനിപ്പിക്കണം. പ്രസംഗിക്കുന്നവർ അവർക്ക് അനുവദിച്ചിട്ടുള്ള സമയത്തുതന്നെ അവസാനിപ്പിക്കണം. അനുവദിച്ച സമയത്തെക്കാൾ രണ്ട് മിനിട്ടിൽ കൂടുതൽ എടുക്കരുത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, മുൻകാലങ്ങളിൽനിന്ന് ഇപ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യത്യാസം സബ്മിഷനുകൾ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം പോലെയാണ് അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചെയർ സബ്മിഷന്റെ എണ്ണം കുറച്ചത് അതുകൊണ്ടുതന്നെയാണ്. ചോദ്യോത്തര സമയത്ത് കൂടുതൽ ചോദ്യങ്ങൾ എടുക്കുവാനും കഴിയുന്നില്ല. മന്ത്രിമാർ പറയുന്ന മറുപടിയും വലുതാണ്, അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യവും സബ്മിഷൻ പോലെ നീണ്ടുപോകുന്നു. അതുകൊണ്ട് സമയം ചുരുക്കണമെന്നുണ്ടെങ്കിൽ ചോദ്യങ്ങൾ ചോദിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ ഒന്നോ രണ്ടോ വാചകത്തിൽ ചോദ്യം ചോദിക്കുകയും മന്ത്രിമാരും അതുപോലെ മറുപടി പറയുകയും ചെയ്യണം. അപ്പോൾ കൂടുതൽ ചോദ്യങ്ങൾ സഭയിൽ എടുക്കാൻ സാധിക്കുകയും കൂടുതൽ അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ അവസരം ലഭിക്കുകയും ചെയ്യും.

ധനകാര്യം (തുടർച്ച)

11.58 am]

ശ്രീ. സി. കെ. സദാശിവൻ : സർ, ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച എന്നുപറയുന്ന സാങ്കൽപ്പിക ബഡ്ജറ്റിന്റെ ധനാഭ്യർത്ഥനകളെ കുറിച്ച് ചില നിരീക്ഷണങ്ങൾ പങ്കുവയ്ക്കാനാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ രാജ്യത്ത് 80 കോടിയോളം വരുന്ന ജനങ്ങൾ ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. ഇന്ത്യൻ കാർഷിക മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണ സാമ്പത്തിക നയം കൃഷിയിടങ്ങളെ കണ്ണീർപ്പാടങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ രാക്ഷസത്തിരമാലകളിൽപ്പെട്ട് മുങ്ങിത്താഴുന്ന നമ്മുടെ കൃഷിക്കാരുടെ ദീനരോദനം കേൾക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് കഴിയുന്നില്ല. കൃഷിക്കാരോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത സമീപനമാണ് ഗവൺമെന്റുകൾ സ്വീകരിക്കുന്നത്. സബ്സിഡികൾ വെട്ടിക്കുറച്ചും രാസവളങ്ങൾക്ക് വിലകൂട്ടാൻ കുത്തകകമ്പനികൾക്ക് അവസരം ഒരുക്കിക്കൊടുത്തും കൃഷിക്കാരനെ കൊള്ളയടിക്കാനുള്ള അവസരം നൽകുമ്പോൾത്തന്നെ പ്രകൃതിക്ഷോഭം, വരൾച്ച, വിലയിടിവ് തുടങ്ങിയ കാര്യങ്ങൾകൊണ്ട് നമ്മുടെ കൃഷിക്കാർ നട്ടം തിരിയുകയാണ്. അതുകൊണ്ടുതന്നെ കൃഷിഭൂമി വിട്ടുപോകാൻ കൃഷിക്കാർ തയ്യാറാകുന്നു. നമ്മുടെ രാജ്യത്ത് 40 ശതമാനം കൃഷിക്കാരാണ് കൃഷി ഭൂമി ഉപേക്ഷിച്ച് മറ്റ് തൊഴിൽതേടി പോയത്. കടംകൊണ്ട് പൊറുതിമുട്ടിയ മൂന്ന് ലക്ഷത്തി പതിനായിരത്തോളം വരുന്ന കൃഷിക്കാരാണ് ആത്മഹത്യ ചെയ്തതെന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് ക്രൈം റിക്കോർഡ്സ് ബ്യൂറോ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയോട് പടവെട്ടി ജനങ്ങളെ തീറ്റിപ്പോറ്റുകയും വിദേശ സമ്പത്ത് നേടിത്തരുകയും ചെയ്യുന്ന കൃഷിക്കാരോട് നീതി പുലർത്താൻ കണ്ണിൽ ചോരയില്ലാത്ത ഭരണാധികാരികൾക്ക് കഴിയുന്നില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആ നിലയിലുള്ള സമീപനമാണ് കൃഷിക്കാരോട് സ്വീകരിക്കുന്നത്.